LIBRARY ARCHIVES Kerala Legislative Assembly

സാമൂഹ്യനീതി വകുപ്പിന്റെ ക്ഷേമ പദ്ധതികൾ

335(1714) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സാമൂഹ്യനീതി വകുപ്പിൽ നിന്നും മറ്റുമുള്ള വിവിധ ക്ഷേമ പദ്ധതികൾ ഏതെല്ലാമായിരുന്നുവെന്നും ഇപ്പോൾ അതിന് നൽകുന്ന തുക എത്രയാണെന്നും വിശദമാക്കുമോ;

(ബി) പുതുതായി എന്തെല്ലാം ക്ഷേമ പദ്ധതികളാണ് ഈ സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

സർക്കാരിതര അനാഥാലയങ്ങൾ

336(1715) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രസ്റ്റുകളുടെയും ഇതര സ്ഥാപനങ്ങളുടെയും സ്വകാര്യവ്യക്തികളുടെയും ആഭിമുഖ്യത്തിൽ നടത്തിവരുന്ന എത്ര അനാഥാലയങ്ങളുണ്ടെന്നും അവ ഏതെല്ലാമാണെന്നുമുള്ള വിശദാംശം ജില്ലതിരിച്ച് ലഭ്യമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത അനാഥാലയങ്ങൾക്കു നൽകിയ ധനസഹായത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) സർക്കാർ നേരിട്ട് നടത്തുന്ന ഇത്തരം സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ഫണ്ട് അപര്യാപ്തമാണെന്നിരിക്കെ സർക്കാരിതര സ്ഥാപനങ്ങൾക്ക് ഫണ്ട് അനുവദിക്കാനുണ്ടായ സാഹചര്യങ്ങൾ വിശദമാക്കാമോ;

(ഡി) സർക്കാരിതര സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ഫണ്ട് ശരിയായ രീതിയിൽ വിനിയോഗിക്കുന്നുവെന്നും അത്തരം സ്ഥാപനങ്ങൾ കാര്യക്ഷമമായിട്ടാണ് പ്രവർത്തിക്കുന്നതെന്നും ഉറപ്പുവരുത്തുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ഓർഫനേജ് കൺട്രോൾ ബോർഡിന് കീഴിൽ ട്രസ്റ്റുകളുടെയും ഇതര സ്ഥാപനങ്ങളുടെയും സ്വകാര്യ വ്യക്തികളുടെയും ആഭിമുഖ്യത്തിൽ 1211 അനാഥാലയങ്ങൾ പ്രവർത്തിച്ചു വരുന്നു. അവയുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത അനാഥാലയങ്ങൾക്ക് നൽകിയ ധനസഹായത്തിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു:

2011-12	-	5,86,74,000
2012-13	-	6,98,58,480
2013-14	-	12,54,85,000
2014-15	-	13,83,63,000
2015-16	-	35,75,47,000
		74,99,27,480

(സി) സർക്കാർ നേരിട്ട് നടത്തുന്ന സ്ഥാപനങ്ങളിലും സർക്കാരിതര ചാരിറ്റി സ്ഥാപനങ്ങളിലും കഴിയുന്നത് അശരണരായ വ്യക്തികളാണ്. ഇക്കൂട്ടരെയെല്ലാം സർക്കാരിന് നേരിട്ട് സംരക്ഷിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ സർക്കാരിതര സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഈ സംരക്ഷണ ദൗത്യം നിർവ്വഹിച്ചു വരുന്നു. സർക്കാർ സ്ഥാപനങ്ങളിലെ ചെലവ് മുഴുവൻ ഗവൺമെന്റ് വഹിക്കുകയും സർക്കാരിതര സ്ഥാപനത്തിൽ ഒരു അന്തേവാസിക്ക് പ്രതിമാസം 1000 രൂപ സംരക്ഷണ ചെലവ് നൽകുകയുമാണ് ചെയ്തുവരുന്നത്. സർക്കരിതര സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് ഫണ്ട് നൽകാറില്ല.

(ഡി) ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള ഗ്രാന്റ് ഇൻ എയ്ഡിന് അർഹതയുള്ള സ്ഥാപനങ്ങളിൽ എല്ലാ വർഷവും ലോക്കൽ ഫണ്ട് ആഡിറ്റ് പരിശോധന നടത്താറുണ്ട്. ജില്ലാ സാമൂഹ്യനീതി ഓഫീസർമാരും പ്രസ്തുത സ്ഥാപനങ്ങളിൽ ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച കണക്കുകൾ പരിശോധിക്കാറുണ്ട്. പരിശോധനയിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കുമാത്രമേ ഗ്രാന്റ് അനുവദിക്കാറുള്ളൂ.

സന്ദേശ്വൺ വായ്പാ പദ്ധതി

337(1716) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ വികസന കോർപ്പറേഷൻ സന്ദേശ്വൺ എന്ന പേരിൽ ഒരു വായ്പാ പദ്ധതി നടപ്പാക്കുന്നുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly